# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 717</u> | <u>03.12.2014 ൽ മറുപടിക്ക്</u>

## <u>അട്ടപ്പാടിയിലെ ആശുപത്രികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അട്ടപ്പാടിയിൽ നിലവിൽ എത്ര PHC, CHC കളാണുള്ളത്; എവിടെയെല്ലാം; | (എ) അട്ടപ്പാടി മേഖലയിൽ 3 പി.എച്ച്.സികളും 1 സി.എച്ച്.സി.യും ഒരു ജെ.ടി.എസ്.എച്ചുമാണ് നിലവിലുള്ളത്.<br>1. സി.എച്ച്.സി. അഗളി<br>2. പി.എച്ച്.സി.പുതൂർ<br>3. പി.എച്ച്.സി.ഷോളയൂർ<br>4. പി.എച്ച്.സി.ആനക്കട്ടി<br>5. ജെ.ടി.എസ്.എച്ച്, കോട്ടത്തറ |
| (ബി) പ്രസ്തുത ആശുപത്രികളിൽ സൃഷ്ടിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ; ഇവിടെ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര രോഗികളെവരെ അഡ്മിറ്റ് ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (സി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുള്ള ജീവനക്കാരുടെ വിശദമായ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. ആകെ 54 കിടക്കളാണ് ടി ആശുപത്രിയിൽ അനുവദിച്ചിട്ടുള്ളത്. നിലവിൽ 100-ൽ കൂടുതൽ രോഗികളെ അഡ്മിറ്റ് ചെയ്യേണ്ടതായി വരുന്നുണ്ട്. 26.11.2014ൽ ഐ.പി - 103 എണ്ണമാണ്. ചില ദിവസങ്ങളിൽ ഐ.പി 124 വരെ ഉയരുന്ന സാഹചര്യമുണ്ട്. |

(ഡി) അട്ടപ്പാടിയിലെ എല്ലാ ആശുപത്രി കളിലുമായി എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഡി) താൽക്കാലിക ജീവനക്കാരുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.

(ഇ) പ്രവർത്തിപ്പിക്കാൻ ജീവനക്കാരില്ലാത്തതിനാൽ ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തനരഹിതമായ ആശുപത്രി ഉപകരണങ്ങൾ 2 USG സ്കാനിംഗ് മെഷീനുകൾ - റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമാണ്. എങ്കിലും IMA യുടെ സഹായത്തോടെ ഡോ.അരുൺ ആനന്ദ്, സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ജീവനക്കാർ ഉണ്ടെങ്കിലും ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജീവനക്കാരുണ്ടായിട്ടും പ്രവർത്തനരഹിതമായ ആശുപത്രി ഉപകരണങ്ങൾ ഒന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്